# പോലീസ് വകുപ്പ്

## കേരളം

**No. E2-1743/2018/RP**

റെയിൽവേ പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
sprlys.pol@kerala.gov.in
04712320619
തീയതി. 17-09-2018

**ലേല പരസ്യം**

കേരള റെയിൽവേ പോലീസ് യൂണിറ്റിൻ കീഴിലുള്ള പാറശ്ശാല റെയിൽവേ പോലീസ് സ്റ്റേഷനിൽ ക്രൈം .154/17 u/s-102 CrPC പ്രകാരമുള്ള കേസ്സിലേക്ക് ഹേതുവായി സൂക്ഷിച്ചിരിക്കുന്ന TN-74-L0498 രെജിസ്ട്രേഷൻ നമ്പരുള്ള 'TVS Star City' മോട്ടോർ സൈക്കിൾ 2018 ഒക്ടോബർ 15)ഠ (തിങ്കളാഴ്ച) പകൽ 11 മണിക്ക് പാറശ്ശാല റെയിൽവേ പോലീസ് സ്റ്റേഷൻ ഓഫീസ് പരിസരത്ത് വെച്ച് പരസ്യമായ് ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ലേലം ദിവസം ലേലം തുടങ്ങുന്നതിന് 1 മണിക്കൂർ മുൻപായി നിരതദ്രവ്യം തുകയായ 150/- (നൂറ്റി അൻപത്) രൂപ അടച്ച രസീത് കൈപ്പറ്റേണ്ടതാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽനിന്നും മുൻകൂട്ടി സീൽ ചെയ്ത കവറുകളിൽ .ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ റെയിൽവേ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്. ദർഘാസിൽ " വാഹനത്തിന്റെ ലേലം സംബന്ധിച്ച്" എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ നിരതദ്രവ്യ തുകയുടെ നിരക്കിൽ ഏതെങ്കിലും ഒരു ദേശ സാല്കൃത ബാങ്കിൽ നിന്നും റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ പേരിൽ വാങ്ങിയ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ലേലം കഴിഞ്ഞാലുടൻ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിന്റെയോ ദർഘാസിന്റെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിനു ലേലം ഉറപ്പിക്കുന്നതുമാണ്. കൂടുതൽ തുകയ്ക്ക് ലേലം പിടിക്കുന്നയാൾ ബാക്കി തുക അന്നേദിവസം തന്നെ അടയ്ക്കേണ്ടതും, ശേഷിക്കുന്നവർക്ക് കെട്ടി വെച്ച തുക നൽകുന്നതുമാണ്.പാറശ്ശാല റെയിൽവേ പോലീസ് സ്റ്റേഷൻ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള വാഹനം എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ പാറശ്ശാല റെയിൽവേ പോലീസ് സ്റ്റേഷൻ ഓഫീസിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പരിശോധിക്കാവുന്നതാണ്.

ലേലം കഴിഞ്ഞാലുടൻ ലേല സംഖ്യയുടെ പകുതിതുക (നിരത ദ്രവ്യം കഴിച്ച ) ലേലം കൊണ്ടയാൾ ലേല സ്ഥലത്തുവെച്ച തന്നെ അടച്ച രസീത് വാങ്ങേണ്ടതാണ്.ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമുള്ള വിൽപ്പനനികുതിയും അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ ടി സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരത ദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും, പുനർ ലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ലേലം കൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർ ലേലത്തിൽ കൂടുതൽ സംഖ്യ ലഭിച്ചാൽ ആയതിന് ടിയാൻ അവകാശി ആയിരിക്കുന്നതുമല്ല

ലേല തീയതിയിൽ മാറ്റം വരുത്താൻ യൂണിറ്റ് മേലധികാരികൾക്ക് അധികാരമുണ്ടായിരിക്കും.

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്

സ്വീകർത്താവ് : മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ,എആർ ക്യാമ്പ് തിരുവനന്തപുരം സിറ്റി,

പകർപ്പ് : 1. ഡിജിപി, എസ്സിആർബി,.2.സൂപ്രണ്ട് ഗവൺമെൻറ് പ്രെസ്സ്, തിരുവനന്തപുരം 3.ഡയറക്ടർ, പബ്ലിക് റെലേഷൻസ് തിരുവനതപുരം, 4.ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തിരുവനന്തപുരം 4. എല്ലാ ജില്ലാ മേധാവികൾക്കും 5.ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ഡിസിആർബി റെയിൽവേയ്സ്, തിരുവനന്തപുരം, മാനേജർ, എംടിഎസ്ഐ റെയിൽവേയ്സ്, സിഎ ടു എസ്ആർപി 6.ആർപിഎസ്ഐ പാറശ്ശാല അറിവിലേക്കും ലെലപരസ്യത്തിനു വ്യാപക പരസ്യം നൽകുന്നതിനുമായി 7. MT SI RP HQ 8. Duty Officer, RP HQ ന് ലേല പരസ്യത്തെ കുറിച്ച വ്യാപക പരസ്യം നല്കുന്നതിനായി

E2-1743/2018/RP c23662

Internal Administrative Processing System
iAPS
KERALA POLICE